**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1626** **11-10-2024 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് ഡിജിറ്റൽ ഐഡന്റിറ്റി കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്ക് ഡിജിറ്റൽ ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഔദ്യോഗിക തിരിച്ചറിയൽ കാർഡുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | നടപടി സ്വീകരിച്ചുവരുന്നു. ഡിജിറ്റൽ ഐ.ഡി. കാർഡുകൾ ഉപയോഗപ്പെടുത്തി കാർഷിക സേവനങ്ങൾ കൂടുതൽ സുഗമമാക്കുന്നതിനും ബാങ്കുകളുടെ സഹായത്തോടെ കാർഷിക വായ്പകൾ വിതരണം ചെയ്യുന്നതിനും കൃഷി ഭവൻ മുഖാന്തിരം കഴിയും. |
| (ബി) | കർഷകരെയും കാർഷികമേഖലയെയും ശക്തിപ്പെടുത്തുന്നതിന് ഇത് എത്രത്തോളം സഹായകമാണ്; വ്യക്തമാക്കുമോ; | (ബി) | നടപടി സ്വീകരിച്ചുവരുന്നു. ഡിജിറ്റൽ ഐ.ഡി. കാർഡുകൾ ഉപയോഗപ്പെടുത്തി കാർഷിക സേവനങ്ങൾ കൂടുതൽ സുഗമമാക്കുന്നതിനും ബാങ്കുകളുടെ സഹായത്തോടെ കാർഷിക വായ്പകൾ വിതരണം ചെയ്യുന്നതിനും കൃഷി ഭവൻ മുഖാന്തിരം കഴിയും. |
| (സി) | കർഷകർ തിരിച്ചറിയൽ കാർഡ് സ്വന്തമാക്കുന്നതിനു വേണ്ടി പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (സി) | നിലവിൽ രണ്ടു രീതിയിൽ നടപടിക്രമങ്ങൾ ചെയ്യാവുന്നതാണ്.<br><br>കതിർ (Kerala Agriculture Technology Hub and Information Repository) എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി ഇത് ഗൂഗിൾ പ്ലേസ്റ്റോർ, ആപ്പ് സ്റ്റോർ എന്നിവ വഴി മൊബൈലിൽ ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്.<br><br>കതിർ (Kerala Agriculture Technology Hub and Information Repository) (www.kathir.kerala.gov.in) പോർട്ടൽ വഴിയും നിലവിൽ ഇതിനുള്ള ക്രമീകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.<br><br>കർഷകരുടെ അടിസ്ഥാന വിവരങ്ങൾ, സ്ഥല വിവരങ്ങൾ, വിള വിവരങ്ങൾ എന്നിവ നൽകി അപേക്ഷ സമർപ്പിക്കാം. തുടർന്ന് കൃഷിഭവനിലെ കൃഷി അസിസ്റ്റന്റ് ഇത് പരിശോധിച്ച് അംഗീകാരത്തിനായി |

| | | | |
|---|---|---|---|
| | | | കൃഷി ഓഫീസർക്ക് നൽകുന്നതാണ്. കൃഷി ഓഫീസർ അംഗീകാരം നൽകിയാൽ, കർഷകർക്ക് ഐ.ഡി. കാർഡ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. |
| (ഡി) | കർഷകർക്ക് അവരുടെ ഉല്പന്നങ്ങളുടെ വിപണനത്തിന് പ്രസ്തുത സ്മാർട്ട് ഐഡന്റിറ്റി കാർഡ് എങ്ങനെയെല്ലാം സഹായകമാവും; വിശദമാക്കുമോ? | (ഡി) | ഭാവിയിൽ നിലവിലുള്ള സർക്കാർ മാർക്കറ്റുകളും, കാബ്കോ വഴിയുള്ള വിപണന മേഖലയ്ക്കും ഈ പദ്ധതി ഉപകരിക്കും. ഐ.ഡി. കാർഡ് വിതരണം വഴി കൃത്യമായി ഡിജിറ്റൽ ട്രേസബിലിറ്റി നടത്തുവാനും, നാടൻ ഉൽപ്പന്നങ്ങളും, ജൈവ ഉല്പന്നങ്ങളും തിരിച്ചറിയുന്നതിനുമുള്ള ഒരു ഉപാധിയായി സ്മാർട്ട് ഐഡന്റിന്റി കാർഡ് ഉപയോഗപ്പെടുത്താനും സാധിക്കും. |

സെക്ഷൻ ഓഫീസർ